"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് - മുഖ്യമന്ത്രിയുടെ ഓണസമ്മാനം - 2022 വർഷത്തിൽ സംസ്ഥാനത്തെ 60 വയസ്സ മുതൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1000/- രൂപ വീതം ഓണസമ്മാനമായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.44/2022/SCSTD തീയതി,തിരുവനന്തപുരം, 01-09-2022

---

പരാമർശം:-

1. 17.08.2021-ലെ സ.ഉ (കൈ)നം. 32/2021/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16.07.2022 - ലെ എ1 — 10575/22 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2021 - വർഷത്തിൽ സംസ്ഥാനത്തെ 60 വയസ്സ മുതൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു 1000/- രൂപ വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി.

സംസ്ഥാനത്ത് നിലവിൽ നിലവിൽ 60 വയസ് പൂർത്തിയായ 60,602 പട്ടികവർഗ്ഗക്കാർ ഉണ്ട്. ഇതിൽ 49,475 പേർ നിലവിൽ ബാങ്ക് അക്കൗണ്ട് ഉള്ളവരും 11,127 പേർ ബാങ്ക് അക്കൗണ്ട് ഇല്ലാത്തവരുമാണ്. ഈ ഇനത്തിൽ അനുവദിക്കുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് DBT വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യുന്നതാണെന്നും ആയതിനാൽ സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ 60,602 പട്ടിക വർഗക്കാർക്ക് 2022-ലെ ഓണത്തിന് 1000/-രൂപ വീതം ഓണസമ്മാനമായി

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(2) പ്രകാരംപട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2022 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സ് മുതൽ പ്രായമുള്ള 60,602 പട്ടികവർഗ്ഗക്കാർക്ക് 1000/-രൂപ (ആയിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി നൽകുന്നതിനും ഈയിനത്തിലുള്ള ചെലവിനായി 6,06,02,000/- (ആറുകോടി ആറുലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ടി തുക പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (നമ്പർ 701121400000028) നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്. ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് ഡി.ബി.റ്റി വഴിയും ഇല്ലാത്തവർക്ക് പണമായും മേൽപറഞ്ഞ ധനസഹായം വിതരണം ചെയ്യേണ്ടതാണ്. ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്/ എ & ഇ), തിരുവനന്തപുരം
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) പൊതുഭരണ (എസ് . സി) വകുപ്പ്
5) ധനകാര്യ ( ഫണ്ട്സ് ) വകുപ്പ്
6) റവന്യൂ ( ഡി.ആർ.എഫ് - എ ) വകുപ്പ്
7) ഇൻഫർമേഷൻ ഓഫീസർ , പബ്ലിക് റിലേഷൻസ് വകുപ്പ്
8) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

<u>പകർപ്പ്:-</u>

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

സ.ഉ.(കൈ) നം.44/2022/SCSTD

ബഹു. പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2022

ഫയൽ നം. 177/ഡി1/2022/പജപവവിവ. ഇനം നം: 1027

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - 2022 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സ് പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഓണസമ്മാനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

1/9/22

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 177/ഡി1/2022/പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | 2022 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സ് പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഓണസമ്മാനം നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.08.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | മിനിമോൾ വി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.08.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.08.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30.08.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.08.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2022 വർഷത്തിൽ സംസ്ഥാനത്തെ 60 വയസിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഓണസമ്മാനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 2022-ൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 60 വയസ്സ് പൂർത്തിയായവർക്ക് മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി 1000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2021 -ൽ നൽകിയതുപോലെ അനുവദിക്കണമെന്ന് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു.

3) നിലവിൽ 60 വയസ് പൂർത്തിയായ 60,602 പട്ടികവർഗക്കാർ ഉണ്ട്. ഇതിൽ 49,475 പേർ നിലവിൽ ബാങ്ക് അക്കൗണ്ട് ഉള്ളവരും 11,127 പേർ ബാങ്ക് അക്കൗണ്ട് ഇല്ലാത്തവരുമാണ്. ഈ ഇനത്തിൽ അനുവദിക്കുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പരിൽ നിക്ഷേപിച്ച് അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ് മെന്റ് ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് DBT വഴിയും, ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ് മെന്റ് ഓഫീസർമാർ തുക മാറി വ്യക്തികൾക്ക് അക്വിറ്റൻസ് പ്രകാരം നേരിട്ട് വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ 60,602 പട്ടിക വർഗക്കാർക്ക് 2022-ലെ ഓണത്തിന് 1000/- രൂപ വീതം ഓണസമ്മാനമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു. ഈ ഇനത്തിൽ വരുന്ന ചെലവ് 6,06,02,000 /- (ആറുകോടി ആറുലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപയാണ്.

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയതിൽ പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

'Finance' agrees to sanction Rs.6.02 Cr from CMDRF for giving Rs.1000/- each as onam gift for the ST persons aged above 60, as proposed by SCST Department, subject to the condition that SCST Department may seek the concurrence of Revenue Department (being the Administrative Department of CMDRF) also before placing the

proposal to cabinet and to disburse the amount through a centralized DBT mode only to ensure transparency.

This has the approval of Hon'ble Minister (Finance).

5) ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് നൽകിയ അഭിപ്രായം താഴെ പറയുന്നു.

"2022 ലെ ഓണക്കാലത്ത് 60 വയസ്സ് പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാർക്ക് ഓണസമ്മാനമായി 1000/- രൂപ വീതം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ഈ വകുപ്പിന്റെ അംഗീകാരമുള്ളതായി അറിയിക്കുന്നു. ഉചിത തലത്തിൽ ആ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം (തുക അനുവദിക്കേണ്ട അക്കൗണ്ട് നമ്പർ സഹിതം), ഫയൽ ഈ വകുപ്പിലേക്ക് നൽകുവാനും ഭരണ വകുപ്പിനോടാവശ്യപ്പെടാവുന്നതാണ്."

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

2022 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സ് മുതൽ പ്രായമുള്ള 60,602 പട്ടികവർഗ്ഗക്കാർക്ക് 1000/- രൂപ (ആയിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി നൽകുന്നതിനും ഈയിനത്തിലുള്ള ചെലവിനായി 6,06,02,000/- (ആറുകോടി ആറുലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?

# GOVERNMENT OF KERALA

## (Shri. PINARAYI VIJAYAN MINISTRY)

## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | 177/D1/2022/SCSTDD |
| 2. | Department | : | SC/ST Development (D) Dept. |
| 3. | Subject | : | Disbursement of Onasammanam to the persons belonging to Scheduled Tribes of and above the age of 60 years in the State during Onam 2022 - reg. |
| 4. | Date of Chief Minister's Order for placing before the Council | : | 15.08.2022 |
| 5. | (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | :<br>: | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the council? | : | Yes<br>Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Minimol V.G |
| 8. | Name of the Additional Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 9 | Date of approval of Draft Note for the council by the Additional Chief Secretary | : | 29.08.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11 | Date of approval of Draft Note for the council by the Chief Secretary | : | 29.08.2022 |
| 12 | Name of Minister who approved the Draft Note | : | Sri. K. Radhakrishnan |
| 13 | Date of approval of Draft Note for the council by the Minister | : | 30.08.2022 |
| 14 | Date of submission of fair copies | : | 30.08.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note relates to distribution of 'Onasammanam' to the tribes of and above the age of 60 years during 2022.

2. The Director, Scheduled Tribes Development Department has requested to grant sanction for the distribution of 'Onasammanam' to the tribes, Rs.1000/- per person of and above the age of 60 years for the year 2022 from the Hon'ble Chief Ministers Distress Relief Fund, as done in 2021.

3. There are 60,602 Tribes of and above the age of 60 of which 49,475 persons have their own bank account and 11,127 have no bank account. The amount sanctioned will be credited to the STSB account of the Administrative Officer (STDD) and later transfer credited to the STSB account of the respective Project Officers/Tribal Development Officers. The amount to the beneficiaries having bank account will be disbursed through DBT and in the case of the persons without bank account, the amount will be disbursed to them directly by the Project Officers/Tribal Development Officers. The Director, Scheduled Tribes Development Department has requested Government sanction to disburse Rs.1000/- (Rupees thousand only) to the 60,602 persons belonging to Scheduled Tribes of and above the age of 60 in the State. The total expenditure will be Rs. 6,06,02,000/- (Rupees Six Crore Six Lakh and Two Thousand only).

4. Finance Department has been consulted and that Department opined as follows:

'Finance' agrees to sanction Rs.6.02 Cr from CMDRF for giving Rs.1000/- each as onam gift for the ST persons aged above 60, as proposed by SCST Department, subject to the condition that SCST

Department may seek the concurrence of Revenue Department (being the Administrative Department of CMDRF) also before placing the proposal to cabinet and to disburse the amount through a centralized DBT mode only to ensure transparency.

This has the approval of Hon'ble Minister (Finance).

5. Remarks of Revenue Department in this is as follows:

"2022 ലെ ഓണക്കാലത്ത് 60 വയസ്സ് പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാർക്ക് ഓണസമ്മാനമായി 1000/- രൂപ വീതം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ഈ വകുപ്പിന്റെ അംഗീകാരമുള്ളതായി അറിയിക്കുന്നു. ഉചിത തലത്തിൽ ആ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം (തുക അനുവദിക്കേണ്ട അക്കൗണ്ട് നമ്പർ സഹിതം), ഫയൽ ഈ വകുപ്പിലേക്ക് നൽകുവാനും ഭരണ വകുപ്പിനോടാവശ്യപ്പെടാവുന്നതാണ്."

6. The Hon'ble Chief Minister has ordered to place the matter before the Council of Minister's for consideration.

## Point for Decision

Whether orders may be issued for the disbursement of Rs.1000/- (Rupees thousand only) each to the 60,602 nos. ST persons aged of and above 60 as "Onasammanam" of the Hon'ble Chief Minister during the 2022 Onam season and to sanction Rs.6,06,02,000/- (Rupees Six Crore Six Lakh and Two Thousand only) from the Chief Ministers Distress Relief Fund towards the expenditure in this regard ?